പിന്നെ ആയാസപ്പെട്ടു ഡോർ തുറന്നു പുറത്തിറങ്ങുന്ന നിഖിലിനെ. അവന്റെ ടീഷർട്ട് ചോരയിൽ കുതിർന്നിരുന്നു. മുഖത്തും നെഞ്ചിലും മുറിവുകൾ.

വിശ്വനാഥൻ വേവലാതിയോടെ ചോദിച്ചു:

“എന്താ, എന്താ പറ്റിയത്?”

നിഖിൽ ചിരിച്ചു.

“അരവിന്ദാക്ഷൻ കണ്ടെയ്നർ റോഡിൽ ചത്തുമലച്ചു കിടപ്പുണ്ട്.” വിശ്വനാഥൻ നടുങ്ങിപ്പോയി. അകത്ത് സുമിത്രയുടെ മനസ്സ് തകർന്നു. ഉള്ളിലൊരു ചോരപ്പുഴ ഇളകി. നിഖിൽ കാറിനുനേരെ വിരൽ ചൂണ്ടി.

“അടിയിൽ ഒരു ഡെഡ്ബോഡി കൂടിയുണ്ട്, നമ്മുടെ ജെൻസന്റെ.” വിശ്വനാഥൻ നടുങ്ങി പിന്നോട്ടടിവച്ചു. കാറിനടിയിൽ ജെൻസന്റെ ചോരയിൽ കുതിർന്ന മൃതദേഹമയാൾ കണ്ടു.

നിഖിൽ പറഞ്ഞു:

“എന്നെ ആ ക്രിമിനലിന് ഒറ്റിക്കൊടുത്തത് ഇവനാണ്. അരവിന്ദാക്ഷൻ പറഞ്ഞതുകൊണ്ടാ ജെൻസൻ എന്നെ കണ്ടെയ്നർ റോഡിലേക്കു പറഞ്ഞുവിട്ടത്.”

അപ്പോഴും നിഖിൽ ചിരിക്കുകയായിരുന്നു.

“ഇനി കാവ്യ മാത്രമേ ബാക്കിയുള്ളൂ. അവൾക്കുള്ള സമ്മാനം നാളെ.”

വിശ്വനാഥന് ഒരക്ഷരംപോലും മിണ്ടാനായില്ല.

അകത്തു കൽപ്രതിമ പോലെ ചലനമറ്റു നിൽക്കുകയായിരുന്നു സുമിത്ര. അവൾ പക്ഷേ, കരഞ്ഞില്ല. നിഖിലിന്റെ ഓരോ വാക്കും കൂരമ്പുപോലെ തുളഞ്ഞിറങ്ങി ഹൃദയത്തിനു മുറിവേറ്റിരുന്നു.

നിഖിൽ അക്ഷോഭ്യനായി പറഞ്ഞു:

“കാണാൻ കൊള്ളാവുന്ന പെമ്പിള്ളേരൊക്കെ ചിലപ്പോ ചത്തുപോയീന്നു വരും. അതിനു കൈയും കാലുമൊക്കെ വെട്ടിമുറിക്കാൻ അരവിന്ദാക്ഷന് ആരാ അധികാരം കൊടുത്തത്? ശിക്ഷിക്കാൻ ഈ നാട്ടിൽ പൊലീസില്ലേ? കോടതിയില്ലേ?”

നിഖിൽ വിശ്വനാഥന്റെ അടുത്തേക്കു ചെന്നു.

“എത്രയും പെട്ടെന്നു ജെൻസന്റെ ഡെഡ്ബോഡി മാറ്റണം ഡാഡി. മെയിൻ റോഡിലെവിടെങ്കിലും കൊണ്ടിട്ടാൽ മതി. അതൊരു ആക്സിഡന്റാണെന്നു പൊലീസ് കരുതിക്കോളും. അല്ലെങ്കിലും പണം കുന്നുകൂട്ടിവച്ചിട്ടില്ലേ ഡാഡി? ഈ രാത്രി അതു മുഴുവൻ ഇറക്കി എല്ലാ തെളിവും മായ്ച്ചു കളയാം നമുക്ക്. മോനാണെന്നല്ലേ പറയണ്ടത്? അതു തെളിയിച്ചു കാണിക്ക്.”

അകത്തേക്കു കയറാനൊരുങ്ങുമ്പോഴാണ് നിഖിൽ എതിരെ സുമിത്ര വരുന്നതു കണ്ടത്. നിഖിൽ പറഞ്ഞു:

“തൽക്കാലം പുറത്തേക്കു പോണ്ട. ഹാർട്ട്പേഷ്യന്റല്ലേ?”

അപ്പോൾ സുമിത്ര സാരിക്കുള്ളിൽ മറച്ചുവച്ചിരുന്ന റിവോൾവറെടുത്തു നിഖിലിന്റെ നെഞ്ചിനു നേരെ നീട്ടി.

വിശ്വനാഥനു തടയാൻ കഴിയുന്നതിനു മുൻപേ സുമിത്രയുടെ വിരൽ ട്രിഗറിലമർന്നു.

ഒരു ബുള്ളറ്റ് നിഖിലിന്റെ നെഞ്ചു തുളച്ചു.

പാതി മുറിഞ്ഞ ചിരിയോടെ നിഖിൽ സുമിത്രയുടെ കാൽച്ചുവട്ടിലേക്കു വീണു. എല്ലാ തെറ്റുകളും തന്റെ ചോരകൊണ്ടു മായ്ച്ചു കളയാനെന്നതുപോലെ.

(തുടരും)



കുടുംബശ്രീ
**വിശേഷങ്ങൾ**


**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)


**വയോജന പരിചരണത്തിനു സേവനദാതാക്കൾ കുടുംബശ്രീയുടെ പുതിയ സംരംഭം**

# പ്രായമായവരെ പരിചരിക്കാം; സന്തോഷം പകരാം



സമകാലിക കേരളത്തിൽ വയോജന പരിരക്ഷയും പരിചരണവും ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. 2011 സെൻസസ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ 13 ശതമാനവും 60 വയസ്സിനു മുകളിലുള്ളവരാണ്. 2025 ആകുമ്പോഴേക്കും ഇത് 20 ശതമാനത്തോളമാകുമെന്നാണ് അനുമാനം. വയോജനങ്ങളിൽ കൂടുതൽ സ്ത്രീകളുമാണ്.

65 വയസ്സ് പിന്നിട്ട ഭൂരിഭാഗം വയോജനങ്ങളും രോഗാതുരരാണെന്നും 2015ലെ എൻഎസ്എസ് സർവേയിൽ കണ്ടെത്തിയിരുന്നു. കേരളത്തിലെ കുടുംബവ്യവസ്ഥ അണുകുടുംബങ്ങളിലേക്കു മാറിയതോടെ വയോജനങ്ങൾക്ക് അവർക്കാവശ്യമുള്ള പരിചരണം നൽകാൻ ബന്ധുജനങ്ങൾക്കു കഴിയാതെ വരുന്നു. ഈ ഒരവസ്ഥയ്ക്കു ശാശ്വത പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ വയോജന സേവന ദാതാക്കളുമായി കുടുംബശ്രീ രംഗത്തു വരുന്നു.

സംസ്ഥാന വയോജന നയം 2013 പ്രകാരം കേരളത്തെ വയോജന സൗഹൃദ സമൂഹമാക്കി മാറ്റുക ലക്ഷ്യമിട്ട് അനവധി വികസന, ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ഇതനുസരിച്ചു തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പാലിയേറ്റീവ് പരിചരണ പദ്ധതിയിലെ ഒരിനമായി വാർധക്യ പരിചരണം കിടപ്പുരോഗികളായ വയോജനങ്ങൾക്കു ലഭിക്കുന്നുണ്ട്. സാമ്പത്തികമായി മെച്ചപ്പെട്ട വിഭാഗങ്ങളിലുള്ളവർക്കു പണം കൊടുത്തു സേവനം വാങ്ങാനും നിലവിലുള്ള പദ്ധതികൾ പ്രകാരം വ്യവസ്ഥയില്ല.

45 വയസ്സിനു താഴെയുള്ള ആരോഗ്യവും ശാരീരിക ക്ഷമതയുമുള്ള പുരുഷന്മാരുടെയും സ്ത്രീകളുടെയും ഒരു സംഘം ജില്ലാ അടിസ്ഥാനത്തിൽ വയോജന സേവന ദാതാക്കളായി പ്രവർത്തിക്കും. ഇവർക്കുവേണ്ട പരിശീലനം കുടുംബശ്രീയുടെ നേതൃത്വത്തിൽ നൽകും. കോൾ സെന്റർ വഴി ഇവരുടെ സേവനം ഉറപ്പു വരുത്താൻ ഉപഭോക്താവിനു കഴിയും. സേവന ദാതാക്കളെ 24 മണിക്കൂറും ഓൺലൈനായോ ഫോൺ വഴിയോ ഉപഭോക്താക്കൾക്കു ബന്ധപ്പെടാനുള്ള സൗകര്യമുണ്ടാകും. ജില്ലകളിലെ പ്രധാന നഗരങ്ങളിലും പഞ്ചായത്തുകളിലും പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കും. കുടുംബാംഗങ്ങൾ വിദേശജോലിക്കു പോയതിന്റെ ഫലമായി ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളിലേക്കായിരിക്കും ഇത്തരത്തിൽ സേവനം ആദ്യമെത്തിക്കുക.

വയോജനങ്ങൾക്ക് ആവശ്യാനുസരണം സേവനം, വയോജനങ്ങൾക്കോ അവരുടെ കുടുംബങ്ങൾക്കോ 24 മണിക്കൂറും ബന്ധപ്പെടാവുന്ന ഫോൺ-ഓൺലൈൻ ഏകജാലക സംവിധാനം, ഉന്നത നിലവാരത്തിലുള്ള പരിശീലനം ലഭിച്ച പ്രഫഷനൽ സേവനദാതാക്കളുടെ സേവനം എന്നിവ ഈ പദ്ധതിപ്രകാരം കുടുംബശ്രീ ഉറപ്പുനൽകുന്നു.

വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ശുശ്രൂഷ, വീടുകളിലും ആശുപത്രികളിലും ആവശ്യാനുസരണം സഹായിയായി പ്രവർത്തിക്കുക, കുടുംബാംഗങ്ങൾ യാത്രപോകുന്ന അവസരങ്ങളിൽ ആവശ്യാനുസരണം കൂട്ടിരിക്കുക. മരുന്ന്, ഭക്ഷണം എന്നിവ നൽകുക, ആശുപത്രികളിൽ എത്തിക്കുക, വയോജനങ്ങളുടെ ശാരീരിക-മാനസിക ഉല്ലാസത്തിനായി ലഘുയാത്രകൾ സംഘടിപ്പിക്കുക, അവരുടെ വിവിധ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനു സഹായിയായി പ്രവർത്തിക്കുക തുടങ്ങിയ എല്ലാ സേവനങ്ങളും കുടുംബശ്രീയുടെ സേവന ദാതാക്കൾ നൽകും. അങ്ങനെ അവരിൽ സന്തോഷം നിറയട്ടെ.